


QUOTES OF DAYS

MAR 08

നിരന്തര വളർച്ച കാണുന്നില്ലെങ്കിൽ വികസനം, വിജയം, നേട്ടം തുടങ്ങിയ പദങ്ങൾ ഉരുവിടുന്നത് അർഥശൂന്യമായിരിക്കും.

**ബെഞ്ചമിൻ ഫ്രാങ്ക്ളിൻ**

ക്രിസ്ത്യൻ ലൈവ് DAILY

ON THE BATTLEFIELD FOR THE GREAT COMMISSION

08 MARCH 2024 | VOL 03 | ISSUE 067 | 766

# തിരഞ്ഞുപിടിച്ച് ആരെയും അറസ്റ്റുചെയ്തിട്ടില്ല: മുഖ്യമന്ത്രി

**'ചെറുപ്പക്കാരുടെ സംഘമെന്ന് പറയുമ്പോൾ  ഇവിടെ എല്ലാവരും മുസ്ലിം വിഭാഗത്തിൽപ്പെട്ടവരായിരുന്നു. അല്ലാതെ, ചെറുപ്പക്കാരുടെ കൂട്ടത്തിലുള്ള മുസ്ലിം വിഭാഗത്തിൽപ്പെട്ടവരെ മാത്രം തിരഞ്ഞുപിടിച്ചതല്ല'**




**തിരുവനന്തപുരം:** ഈരാറ്റുപേട്ടയിൽ പള്ളിയിലെ സഹവികാരിയെ ആക്രമിച്ച സംഭവം ഏറ്റവും നിന്ദ്യമായ കാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

ഒരു വിഭാഗത്തെ മാത്രം പ്രതി ചേർത്തെന്ന ഹുസൈൻ മടവൂരിന്റെ ആരോപണത്തിന് മറുപടിയായി മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. ന്യൂനപക്ഷവിഭാഗങ്ങളുമായുള്ള മുഖാമുഖത്തിന്റെ ആദ്യഘട്ടത്തിലെ ആശയവിനിമയത്തിനിടെയാണ് മുഖ്യമന്ത്രിയുടെ പ്രതികരണം. വൈദികന് നേരെ വണ്ടി കയറ്റിയെങ്കിലും അദ്ദേഹം രക്ഷപ്പെടുകയായിരുന്നു. ചെറുപ്പക്കാരുടെ സംഘമെന്ന് പറയുമ്പോൾ  ഇവിടെ എല്ലാവരും മുസ്ലിം വിഭാഗത്തിൽപ്പെട്ടവരായിരുന്നു. അല്ലാതെ, ചെറുപ്പക്കാരുടെ കൂട്ടത്തിലുള്ള മുസ്ലിം വിഭാഗത്തിൽപ്പെട്ടവരെ മാത്രം തിരഞ്ഞുപിടിച്ചതല്ല.

ഹുസൈൻ മടവൂരിനെ പോലെ വലിയ സ്ഥാനത്ത് ഇരിക്കുന്നവർ തെറ്റായ ധാരണകൾ വച്ചു പുലർത്തരുതെന്നും ശരിയായ ധാരണകളിൽ കൂടി മാത്രമേ കാര്യങ്ങൾ അവതരിപ്പിക്കാൻ തയ്യാറാകാവൂ എന്നും മുഖ്യമന്ത്രി ഓർമിപ്പിച്ചു. പോലീസിന്റെ ഭാഗത്ത് ചിലപ്പോൾ തെറ്റുണ്ടാകാം. തെറ്റുകളുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടിയെടുക്കാമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. പൂഞ്ഞാർ സെയ്ന്റ് മേരിസ് ഫൊറോനാ പള്ളി സഹവികാരി ഫാ. ജോസഫ് ആറ്റുച്ചാലിനെ വാഹനം ഇടിപ്പിച്ചകേസിൽ 27 പേരെ നേരത്തെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. സംഭവവുമായി ബന്ധപ്പെട്ട് സാമൂഹിക മാധ്യമങ്ങളിൽ മതവിദ്വേഷം പ്രചരിപ്പിച്ച രണ്ടുപേർക്കെതിരേയും പോലീസ് കേസെടുത്തിരുന്നു. അറസ്റ്റിലായ 27 പേരിൽ 10 പേർ പ്രായപൂർത്തിയാകാത്തവരായിരുന്നു.

**CARTOON:**



EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

ക്രിസ്ത്യൻ ലൈവ് DAILY
**പരസ്യ നിരക്ക്**

**FULL PAGE**

| | |
|---|---|
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |

**HALF PAGE**

| | |
|---|---|
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |

**QUARTER PAGE**

| | |
|---|---|
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |

**HALF OF QUARTER PAGE**

| | |
|---|---|
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

**മാർച്ച് 08**

'ദൈവത്തിന് ഒന്നും അസാധ്യമല്ല'
(ലൂക്ക.1:37)



ഷാജൻ
പാറക്കടവിൽ

# 'കലി' കയറിയ കേരളം...

ഇത് കലി കയറിയ കേരളം. ഇരുകാലികളും നാൽക്കാലികളും ഒരുപോലെ രൗദ്രഭാവം പൂണ്ട് മനുഷ്യജീവൻ എടുക്കുന്നത് കണ്ട് മലയാളമണ്ണ് സ്തബ്ധ തരാകുന്നു. കാടിറങ്ങിയ കലി ഓരോ ദിവസവും മനുഷ്യജീവനെ അപായപ്പെടുത്തുകയോ മാരകമായി മുറിവേൽപ്പിക്കുകയോ അംഗഭംഗം വരുത്തുകയോ ചെയ്യുന്നു. ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന മനുഷ്യർ പുതിയ താവളം തേടുന്നു. ഒപ്പം സത്വരനടപടികൾ സ്വീകരിക്കേണ്ട ഭരണകൂടത്തിന്റെ അലംഭാവത്തിനെതിരെ ജനങ്ങൾ സംഘടിതമായി പ്രതിഷേധിക്കുന്നു. അത് ജനപ്രതിനിധികളുടെ നിരാഹാരത്തിലേക്കും മറ്റ് പ്രതിഷേധ നടപടികളിലേക്കും കടക്കുമ്പോൾ അറസ്റ്റും അനുബന്ധ പ്രതിരോധ നടപടികളുമായി സർക്കാർ മുന്നോട്ട് പോകുന്നു.

വിദ്യ അഭ്യസിക്കേണ്ട ഇടങ്ങൾ കൊലപാതക കളങ്ങളായി മാറുന്ന കാഴ്ച നിർവികാരിതയോടെ ടെ നോക്കിക്കാണുന്ന കേരളം ആൾക്കൂട്ട കൊലപാതകത്തിന്റെ ബാക്കിപത്രത്തിന്റെ ചരമക്കുറിപ്പുകൾ വായിച്ച് കണ്ണീർ പൊഴിക്കുമ്പോൾ കാടത്തം കയറിയ ക്യാമ്പസുകളുടെ സംസ്കാര ശൂന്യമായ പ്രവൃർത്തികൾ ഇനിയെങ്കിലും അവസാനിപ്പിക്കണമെന്ന് ഒന്നടങ്കം ആവശ്യപ്പെടുന്നു. അകാലത്തിൽ പൊലിഞ്ഞ പൊന്നോമനകളുടെ നൊമ്പരങ്ങളും പേറി മാതാപിതാക്കൾ അലമുറ ഇടുമ്പോൾ അത് കേട്ടില്ലെന്ന് നടിക്കുന്ന സിംഹാസനങ്ങൾ മറ്റൊരു വാഴ്ചയ്ക്കായി കോപ്പ് കൂട്ടുമ്പോൾ കേരളം ഏറ്റുവാങ്ങിയ കണ്ണീർ തുള്ളികൾ കണക്ക് പറയാതെ പോകില്ല എന്ന് അധികാരികൾ തിരിച്ചറിയണം.

സ്നേഹവും സഹനവും സഹാനുഭൂതിയും എങ്ങോ പോയ് മറഞ്ഞ കേരളത്തിൽ സഹജീവികളോടും സഹ പ്രവർത്തകരോടുമുള്ള പ്രതികരണത്തിലും ഇടപെടലുകളിൽ പോലും കലികയറി സിംഹാസനം ഉറപ്പിക്കുന്നത് കാണാം. കേരളത്തിന്റെ മറ്റൊരു പ്രധാന മുഖം ഓരോ വീടുകളും മനുഷ്യരും മനുഷ്യത്വത്തിനപ്പുറമായി മതത്തിന്റെ അടയാളമായി മാറിക്കഴിഞ്ഞു എന്നതാണ്. മനുഷ്യത്വം മറന്നു മതബോധം ഉണർന്ന് വേർതിരിവുകളും വേലിക്കെട്ടുകളും വിശ്വസിക്കുന്ന ആശയത്തിന്റെയോ തത്വത്തിന്റെയും അടിസ്ഥാനത്തിൽ മൂല്യാധിഷ്ഠിത ജീവിതത്തിനപ്പുറമായി കേവലം വൈകാരികമായി ഉണർത്തപ്പെടുന്ന വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ജീവിതവും അത് സമ്മാനിക്കുന്ന വിദ്വേഷത്തിന്റെ പ്രകടനപത്രികയായി മനുഷ്യൻ മാറ്റപ്പെടുന്നു. തത്വത്തിൽ ഇന്ന് മനുഷ്യൻ മനുഷ്യനല്ലാതായി മാറുന്ന സ്ഥിതിവിശേഷം. അതാണ് ആധുനിക സമൂഹത്തിന്റെ സംസ്കാരം.

കേരളം നിന്ന് പൊള്ളുകയാണ്. ഭൂമിക്ക് ചൂട് പിടിക്കുമ്പോൾ അതിൽ അന്തേവാസികൾക്ക് കൂടി പിടിക്കുക സ്വാഭാവികം. അസഹനീയമായ ചൂടും പാർപ്പിട ചുറ്റുപാടുകളുടെ ആവാസ വ്യവസ്ഥ താളം തെറ്റുകയും ചെയ്തതോടുകൂടി കലികയറുന്നു നാൽക്കാലികൾക്കും ഇരുകാലികൾക്കും. അത് പ്രതിഷേധിക്കുന്ന പ്രതിപക്ഷത്തിനും പ്രതികരിക്കുന്ന മുഖ്യനും.

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

### മൊണാക്കോ

| | | |
|---|---|---|
| തലസ്ഥാനം | : | മൊണാക്കോ |
| ഭാഷ | : | ഫ്രഞ്ച് |
| ജനസംഖ്യ | : | 36201 |
| പ്രസിഡണ്ട് | : | ആൽബർട്ട് 2 |
| മതം | : | ക്രിസ്ത്യൻ |

രാജ്യം ഒന്നാകെ ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം പൂർണ്ണമായി മനസിലാക്കണം. ലൗകിക സുഖങ്ങളുടെ അർത്ഥമില്ലായ്മയും. പ്രാർത്ഥിക്കുക.

പ്രവാസികളായി എത്തിയ ക്രിസ്ത്യൻ സമൂഹം സാംസ്കാരികമായി ഉന്നത നിലവാരം പുലർത്തണം. ക്രിസ്തുവിന്റെ ജീവിക്കുന്ന സാക്ഷികളായി രൂപാന്തരപ്പെടണം. പ്രാർത്ഥിക്കുക.

നാമമാത്ര ക്രിസ്ത്യാനികളിൽ ഉണർവ്വ് ഉണ്ടാകണം. ക്രിസ്തീയ വിശ്വാസത്തിന്റെ ജ്വലിക്കുന്ന വക്താക്കളായി പുനരുജ്ജീവിപ്പിക്കപ്പെടണം. പ്രാർത്ഥിക്കുക

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
03
08 MARCH 2024
VOL 03 | ISSUE 067 | 766

# ഏഴു ജില്ലകളിൽ യെല്ലോ അലേർട്ട്



തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് ഏഴു ജില്ലകളിൽ ഉയർന്ന താപനില. കൊല്ലം, പാലക്കാട്, പത്തനംതിട്ട, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, തൃശൂർ ജില്ലകളിൽ കടുത്ത ചൂടിന് സാധ്യത.

ഒന്നാംഘട്ട അലർട്ടായ യെല്ലോ അലർട്ടാണ് ഈ ജില്ലകളിൽ പുറപ്പെടുവിച്ചിരിക്കുന്നത്.കൊല്ലം, പാലക്കാട്ട് ജില്ലകളിൽ ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും പത്തനംതിട്ട, ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും കോട്ടയം, തൃശൂർ ജില്ലകളിൽ ഉയർന്ന താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു. സാധരണയേക്കാൾ രണ്ടുമുതൽ മൂന്നു ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യയെന്നാണ് മുന്നറിയിപ്പ്.

# ഹെയ്തിയിൽ മൂന്ന് സന്യാസിനിമാരെ തട്ടിക്കൊണ്ടുപോയി

ഹെയ്തി : ഹെയ്തിയിൽ അനാഥാലയത്തിൽ അതിക്രമിച്ചു കയറിയ അക്രമികൾ മൂന്ന് സന്യാസിനിമാരെ തട്ടിക്കൊണ്ടുപോയി. തലസ്ഥാനമായ പോർട്ട്ഓപ്രിൻസിൻറെ 80% നിയന്ത്രിക്കുന്ന ക്രിമിനൽ സംഘങ്ങളാണ് അക്രമത്തിന് പിന്നിൽ പ്രവർത്തിക്കുന്നത്. രാജ്യത്ത് കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങളെ ഈ ക്രിമിനൽ സംഘങ്ങളുടെ ആക്രമണങ്ങൾ കൂടുതൽ വഷളാക്കുകയാണ്. വാർത്ത വെളിപ്പെടുത്തിയത് കാരിഫോർഫ്യൂലെസിലെ സെൻ്റെ ജെറാർഡ് ഇടവകയിലെ മുൻ ഇടവക വികാരിയായ ഫാദർ ഗിൽബർട്ട് പെൽട്ടോപ്പാണ്. അദ്ദേഹം പറയുന്നതനുസരിച്ച്, സായുധരായ ആളുകൾ ലാ മഡലീൻ അനാഥാലയത്തിലേക്ക് അതിക്രമിച്ചു കയറി, അവിടെ ക്ലൂണി, സെൻ്റ് ജോസഫ് സന്യാസിനി സമൂഹത്തിലെ മൂന്ന് സന്യാസിനിമാരെയാണ് തട്ടിക്കൊണ്ടു പോയത്. 400 മാവോയിസ്റ്റ് സംഘത്തിൻ്റെ നിയന്ത്രണത്തിലുള്ള പോർട്ട് ഓ പ്രിൻസ് എന്ന പ്രദേശത്താണ് അനാഥാലയം സ്ഥിതി ചെയ്യുന്നത്.

# ഐ.പി.സി. കുവൈറ്റ്- സോഷ്യൽ വെൽഫെയർ ബോർഡ് പെൻഷൻ പദ്ധതി

കുമ്പനാട് : ഐപിസിയുടെ കേരളാ സ്റ്റേറ്റിനു കീഴിൽ അംഗീകൃത സഭകളിൽ ദീർഘകാലം ശുശ്രൂഷയിലായിരുന്ന ശേഷം ഇപ്പോൾ വിശ്രമത്തിലായിരിക്കുന്ന ശുശ്രൂഷകന്മാർക്ക് ഐപിസി കുവൈറ്റ് സഭയും സോഷ്യൽ വെൽഫെയർ ബോർഡും ചേർന്ന് നടപ്പിലാക്കുന്ന പ്രതിമാസ സാമ്പത്തിക സഹായത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷകർ ഐപിസി കേരളാ സ്റ്റേറ്റിനു കീഴിൽ അംഗീകാരമുള്ള ഏതെങ്കിലും സഭകളിൽ അംഗത്വമുള്ള വരും 70 വയസിനു മുകളിലുള്ളവരും ആയിരിക്കണം. സോഷ്യൽ വെൽഫെയർ ബോർഡ് പെൻഷൻ പദ്ധതിയിലേക്ക് നേരത്തെ അപേക്ഷിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം സെൻ്റർ ശുശ്രൂഷകൻ / കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗം ഇവരിൽ ഒരാളുടെ ശുപാർശ കത്തോടുകൂടി മാർച്ച് 20 നുള്ളിൽ താഴെ പറയുന്ന ഏതെങ്കിലും ഒരു വാട്ട്സാപ്പ് നമ്പരിൽ അയക്കേണ്ടതാണെന്നു ഐപിസി കുവൈറ്റ് ശുശ്രൂഷകൻ പാസ്റ്റർ ബെൻസൺ തോമസ്, സെക്രട്ടറി ജോസ് കെ. വർഗീസ് എന്നിവർ അറിയിച്ചു.

അപേക്ഷകൾ അയക്കേണ്ട വാട്ട്സാപ്പ് നമ്പർ : സജി മത്തായി കാതേട്ട് : 94473 72726, ജോസ് ജോൺ കായംകുളം: 9447486110, ബേസിൽ അറക്കപ്പടി: 98474 12435, ഡേവിഡ് സാം : +974 7728 2832.

# ശാരോൻ ഫെലോഷിപ്പ് നാഷണൽ കോൺഫ്രൻസ് സമാപിച്ചു

ബാസിൽഡൺ: ശാരോൻ ഫെലോഷിപ്പ് ചർച്ച്, യൂ.കെ & അയർലണ്ട് പതിനെട്ടാമത് നാഷണൽ കോൺഫറൻസ് ബാസിൽഡണിൽ സമാപിച്ചു.

ക്രൈസ്റ്റ് വേ ചർച്ചിൻ്റെ നേതൃത്വത്തിൽ മാർച്ച് 1,2,3 വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ ദ് സ്വയ്ൻ പാർക്ക് സ്കൂളിൽ നടന്ന കോൺഫ്രൻസ് റീജിയൻ പ്രസിഡണ്ട് പാ. സാംകുട്ടി പാപ്പച്ചൻ ഉദ്ഘാടനം ചെയ്തു. ഡോ. മാത്യു വർഗ്ഗീസ് യുഎസ്എ മുഖ്യ പ്രഭാഷകൻ ആയിരുന്നു.

അമേരിക്കൻ മിഷനറി പാ. റോൺ, റിജിയൺ സീനിയർ മിനിസ്റ്റർ പാ. ജെയിംസ് ശാമുവേൽ എന്നിവരും പ്രസംഗിച്ചു. ശനിയാഴ്ച ഉച്ചക്ക് നടന്ന യുവജന സമ്മേളനത്തിൽ പാ. അജിത്ത് ജോർജ്ജും, സഹോദരീ സമ്മേളനത്തിൽ സിസ്റ്റർ ഷൈനി തോമസും പ്രസംഗിച്ചു. ശാരോൻ നാഷണൽ ക്വയറിനോടൊപ്പം ഡോ. ബ്ലസൻ മേമനയും ആരാധനകൾക്ക് നേതൃത്വം നൽകി. ഞായറാഴ്ച പൊതുസഭായോഗത്തോടെ നാഷണൽ കോൺഫറൻസ് സമാപിച്ചു. പാസ്റ്റർ ജെയിൻ തോമസ് ലോക്കൽ കോർഡിനേറ്ററായി പ്രവർത്തിച്ചു.

# കർണാടകത്തിലെ പാഠപുസ്തകങ്ങളിൽ ബിജെപി കൊണ്ടുവന്ന പരിഷ്കരണങ്ങൾ ഒഴിവാക്കി കോൺഗ്രസ് സർക്കാർ

ബെംഗളൂരു: കർണാടകത്തിലെ കഴിഞ്ഞ ബിജെപി സർക്കാർ കൊണ്ടുവന്ന പാഠപുസ്തക പരിഷ്കരണങ്ങൾ ഒഴിവാക്കി പുതിയ പാഠ്യപദ്ധതി തയ്യാറാക്കി കോൺഗ്രസ് സർക്കാർ. ഒന്ന് മുതൽ പത്തുവരെ ക്ലാസുകളിലേക്കുള്ള പാഠ്യപുസ്തകങ്ങളുടെ അന്തിമരൂപമാണ് പ്രിന്റിങ്ങിന് തയ്യാറായിരിക്കുന്നത്. രോഹിത് ചക്രതീർത്ഥയുടെ നേതൃത്വത്തിൽ ബിജെപി സർക്കാർ രൂപവത്കരിച്ച കമ്മിറ്റി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയ ഉള്ളടക്കങ്ങളിൽ കാര്യമായ മാറ്റങ്ങളോടെയാണ് പുതിയ പുസ്തകങ്ങൾ പുറത്തിറങ്ങുന്നത്. ഗിരീഷ് കർണാടിന്റെയും പെരിയാറുടേയും ദേവനൂർ മഹാദേവിന്റെയും പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച പാഠഭാഗങ്ങൾ പഴയ കമ്മറ്റി ഒഴിവാക്കിയിരുന്നു. ഇവയെല്ലാം പുതിയ കമ്മറ്റി തിരിച്ചുകൊണ്ടുവന്നിട്ടുണ്ട്.

എട്ടാം ക്ലാസിലെ ചരിത്രപാഠപുസ്തകത്തിൽ സനാതന ധർമം എന്താണെന്ന് വ്യക്തമാക്കുന്ന പുതിയ പാഠഭാഗം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതുകൂടാതെ ജൈനിസവും ബുദ്ധിസവും പരിചയപ്പെടുത്തുന്ന പാഠങ്ങളും പുതുതായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ പാഠങ്ങളിൽ 'ധർമം' എന്ന് പറയുന്ന ഭാഗങ്ങളിലെല്ലാം 'മതം' എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ജനാധിപത്യം, ഭരണഘടനാ നിർദേശക തത്വങ്ങൾ, പൗരന്റെ കടമകൾ, പൗരന്റെ അവകാശങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിയാണ് പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. മാത്രമല്ല, വിവാദങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി ടിപ്പു സുൽത്താനെക്കുറിച്ച് പരാമർശിക്കുന്ന പാഠഭാഗങ്ങളും ഒഴിവാക്കി.

# ശാരോൻ ഇവന്റ് സെന്റർ ഉദ്ഘാടനം

ഡാളസ്: ഡാളസ് ശാരോൻ ഫെലോഷിപ്പിന്റെ പുതിയ ആരാധനാലയമായ ശാരോൻ ഇവന്റ് സെന്ററിന്റെ ഉദ്ഘാടനം മാർച്ച് 23 ന് രാവിലെ 10 ന് നടക്കും. വൈകിട്ട് 6.30 ന് നടക്കുന്ന ആത്മീയ സംഗമത്തിൽ പാസ്റ്റർ ഷിബു തോമസ് മുഖ്യസന്ദേശം നല്കും. സീനിയർ ശുശ്രൂഷകൻ പാസ്റ്റർ സ്റ്റീഫൻ വർഗീസ് നേതൃത്വം നല്കും.

# മൊസാംബിക്കിൽ നിന്നും ക്രൈസ്തവരുടെ പലായനം



മാപുടോ: രാജ്യത്ത് ഇസ്ലാമിക തീവ്രവാദം ഉയർത്തുന്ന വെല്ലുവിളി എന്നത്തേക്കാളും ഉയർന്ന അവസ്ഥയിലാണെന്നും പ്രാദേശിക മേഖലകളിൽ നിന്നു ക്രൈസ്തവർ കൂട്ടത്തോടെ പലായനം ചെയ്യുകയാണെന്നും മൊസാംബിക്ക് ബിഷപ്പ്. വടക്കൻ മൊസാംബിക്കിൽ പെംബ രൂപതയിലെ ബിഷപ്പ് അന്റോണിയോ ജൂലിയാസാണ് രാജ്യത്തെ ക്രൈസ്തവർ നേരിടുന്ന വെല്ലുവിളി സന്നദ്ധ സംഘടനയായ എയിഡ് ടു ദ ചർച്ച് ഇൻ നീഡിനോട് വിവരിച്ചത്. അടുത്തിടെ കുറഞ്ഞത് 12 കമ്മ്യൂണിറ്റികളെങ്കിലും തീവ്രവാദികൾ റെയ്ഡ് ചെയ്തതായി റിപ്പോർട്ടുകളുണ്ടെന്നും താരതമ്യേന സുരക്ഷ വാഗ്ദാനം ചെയ്യുന്ന വലിയ നഗരങ്ങളിലേക്ക് ജനങ്ങൾ കൂട്ടത്തോടെ പലായനം ചെയ്യുകയാണെന്നും അദ്ദേഹം പറഞ്ഞു.

ഗ്രാമങ്ങളിലെ എല്ലാ ക്രിസ്ത്യൻ ചാപ്പലുകളും നശിപ്പിക്കപ്പെട്ടു. മൊസാംബിക്കിലെ ജനസംഖ്യയുടെ മൂന്നിലൊന്ന് ക്രൈസ്തവരാണ്. ആഭ്യന്തര കലഹങ്ങളും ഇസ്ലാമിക തീവ്രവാദികളുടെ വ്യാപനവുമാണ് ക്രൈസ്തവർക്ക് ഏറെ വെല്ലുവിളി സൃഷ്ടിക്കുന്നത്.

# ചെങ്കടലിൽ ആക്രമണം: മലയാളി ഉൾപ്പടെ മൂന്ന് കപ്പൽ ജീവനക്കാർ കൊല്ലപെട്ടു



ന്യൂഡൽഹി: ചെങ്കടലിൽ ഹൂതി ആക്രമണത്തിൽ മലയാളി ഉൾപ്പടെ മൂന്ന് കപ്പൽ ജീവനക്കാർ കൊല്ലപെട്ടു. നാലു പേർക്ക് പരിക്ക്.

പരിക്കേറ്റവരിൽ മൂന്നു പേരുടെ ആരോഗ്യനില ഗുരുതമാണ്. ഗ്രീസിന്റെ ഉടമസ്ഥതയിലുള്ള ട്രൂ കോൺഫിഡൻസ് എന്ന കപ്പലാണ് ആക്രമിക്കപ്പെട്ടത്. കരീബിയൻ രാജ്യമായ ബാർബഡോസിനു വേണ്ടി സർവീസ് നടത്തുകയായിരുന്നു. ആക്രമണത്തിൽ കപ്പലിന് കാര്യമായ കേടുപാട് സംഭവിച്ചിട്ടുണ്ട്.

അക്രമത്തിന്റെ ഉത്തരവാദിത്വം ഹൂതികൾ ഏറ്റെടുത്തു. ചെങ്കടലിലെ ഹൂതി ആക്രമണത്തിൽ കപ്പൽ ജീവനക്കാർ മരിക്കുന്നത് ഇതാദ്യമാണ്. അതേസമയം, കൊല്ലപ്പെട്ട മലയാളിയെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

# ദേവാലയങ്ങൾക്ക് സർക്കാർ സംരക്ഷണം ഏർപ്പെടുത്തണം: ബൈഡനോട് യുഎസ് സെനറ്റർ

വാഷിംഗ്ടൺ ഡിസി: ഗർഭ ഛിദ്രം ഭരണഘടനാപരമായ അവകാശമാക്കിയ അര നൂറ്റാണ്ട് പഴക്കമുള്ള വിധി സുപ്രീം കോടതി തിരുത്തിയതിനു പിന്നാലെ അമേരിക്കയിൽ ക്രൈസ്തവ ദേവാലയങ്ങൾക്ക് നേരെ നടക്കുന്ന ആക്രമണങ്ങളെ അപലപിച്ച് യുഎസ് സെനറ്റർ മാർക്കോ റൂബിയോ. ദേവാലയങ്ങൾ നേരിടുന്ന ആക്രമണങ്ങളിൽ നിന്ന് സംരക്ഷണം ഏർപ്പെടുത്തണമെന്ന് പ്രസിഡന്റ് ജോ ബൈഡനോട് അദ്ദേഹം ആവശ്യപ്പെട്ടു. 2020 മുതൽ ദേവാലയങ്ങൾക്ക് നേരെ നാനൂറിലധികം ആക്രമണങ്ങൾ നടന്നതായുള്ള കണക്ക് ചൂണ്ടിക്കാട്ടിയ ഫ്ലോറിഡയിൽ നിന്നുള്ള സെനറ്റർ, വിഷയത്തിൽ ക്രിയാത്മക നടപടി ബൈഡൻ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു.

# സവാള വില 20 ശതമാനം കുറയും

ദുബായ്: മൂന്ന് മാസത്തെ നിരോധനം പിൻവലിക്കാൻ ഇന്ത്യ തീരുമാനിച്ചതോടെ യുഎഇയിലേക്ക് ഇന്ത്യയിൽ നിന്ന് സവാള വൈകാതെ എത്തും. യുഎഇയിലെ വ്യാപാരികൾക്കും ഉപഭോക്താക്കൾക്കും വലിയ ആശ്വാസമാകുകയാണ് ഇന്ത്യയുടെ തീരുമാനം. ഇന്ത്യയിൽ നിന്നുള്ള സവാള എത്താതിരുന്നതോടെ യുഎഇ മറ്റ് നാല് രാജ്യങ്ങളെയാണ് വലിയ ഉള്ളിയ്ക്ക് വേണ്ടി സമീപിച്ചിരുന്നത്. ഡിസംബർ എട്ടിനാണ് ഇന്ത്യ വലിയ ഉള്ളി കയറ്റുമതി നിരോധിച്ചത്. ഇന്ത്യയിൽ സവാള വില കുതിക്കാൻ തുടങ്ങിയ പശ്ചാത്തലത്തിലായിരുന്നു ഇത്. കാലവസ്ഥയിൽ വന്ന മാറ്റം കൃഷിയെ ബാധിക്കുകയും ചെയ്തിരുന്നു. സവാള വിലയിലെ മാറ്റം ഉത്തരേന്ത്യയിൽ വലിയ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് മനസിലാക്കിയായിരുന്നു മോദി സർക്കാർ കയറ്റുമതി തടഞ്ഞത്.

ഇന്ത്യയിൽ നിന്ന് സവാള എത്തുന്നത് നിലച്ചതോടെ യുഎഇ വിപണിയിൽ വില കുതിച്ചുയർന്നിരുന്നു. സാധാരണ രണ്ട് ദിർഹത്തിന് താഴെ വിലയുണ്ടായിരുന്ന കിലോ സവാളയ്ക്ക് പിന്നീട് 8 ദിർഹം വരെ എത്തുന്ന സാഹചര്യമുണ്ടായി. ഈ വേളയിൽ യുഎഇ ഭരണകൂടം ഇന്ത്യയുമായി ബന്ധപ്പെട്ടിരുന്നു. സവാള എത്തിക്കുന്നതിന് നടപടി എടുക്കാനും ആവശ്യപ്പെട്ടിരുന്നു. ഇന്ത്യയിലെ ആഭ്യന്തര വിപണിയിൽ സവാള വില കുറഞ്ഞതോടെയാണ് കേന്ദ്ര സർക്കാർ തീരുമാനം പുനഃപ്പരിശോധിച്ചത്. സൗഹൃദ രാജ്യങ്ങളിലേക്ക് സവാള കയറ്റുമതിക്ക് കേന്ദ്ര വാണിജ്യ മന്ത്രാലയം അനുമതി നൽകി. യുഎഇക്ക് പുറമെ ബംഗ്ലാദേശിലേക്കും ഇന്ത്യയിൽ നിന്ന് സവാള എത്തുമെന്ന് കഴിഞ്ഞ ദിവസം വാണിജ്യ മന്ത്രാലയം അറിയിച്ചിരുന്നു.

ബംഗ്ലാദേശിലേക്ക് 50000 ടണ്ണും യുഎഇയിലേക്ക് 14400 ടണ്ണുമാണ് സവാള എത്തുക. ഇന്ത്യയിൽ നിന്ന് സവാള എത്തുന്നതോടെ 20 ശതമാനം വില കുറയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് യുഎഇയിലെ വ്യാപാരികൾ പറഞ്ഞു. ഇന്ത്യയിൽ നിന്നുള്ള വരവ് നിലച്ച വേളയിൽ നാല് രാജ്യങ്ങളെയാണ് യുഎഇയിലെ വ്യാപാരികൾ സവാളയ്ക്ക് വേണ്ടി ആശ്രയിച്ചിരുന്നത്. തുർക്കി, ഇറാൻ, ചൈന, സുഡാൻ എന്നീ രാജ്യങ്ങളിൽ നിന്ന് യുഎഇയിലേക്ക് സവാള എത്തുന്നുണ്ട്. ഇന്ത്യൻ സവാളയ്ക്ക് യുഎഇയിൽ വലിയ ആവശ്യക്കാരാണ്. ഇന്ത്യൻ സവാള എത്തിയാൽ ആഴ്ചയിലെ ഓഫർ വിൽപ്പനയിൽ വലിയ ഇടിവ് പ്രതീക്ഷിക്കുന്നു. 20 ശതമാനം വരെ കുറവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ആദിൽ ഗ്രൂപ്പ് എംഡി ഡോ. ധനഞ്ജയ് ദട്ടർ പ്രതികരിച്ചു.

ലേഖനം

# മരുഭൂ യാത്രക്കാരെ നിങ്ങൾ ഇന്ന് എവിടെ?



സിബി ബാബു

മരുഭൂമി എന്നു പറയുന്നത് ഒരു പ്രതീക്ഷയും സാധ്യതകളും ഇല്ലാത്ത സ്ഥലമാണ് എന്നാൽ ഒരു ക്രിസ്തു ഭക്തനെ സംബന്ധിച്ചു ഈ മരുഭൂമിയിൽ അവന്റെ പ്രതീക്ഷകളും, സാധ്യതകളും എല്ലാം ക്രിസ്തു മാത്രമാണ്, എന്നാൽ ഈ മരുഭൂമി യാത്രയിൽ പലപ്പോഴും നമ്മൾ വിളിച്ചവനായ കർത്താവായ യേശുക്രിസ്തുവിനെ മറക്കുന്നു. തന്നിഷ്ടപ്രകാരം ജീവിക്കുന്നു. മരുഭൂമിയിൽ പ്രശ്നങ്ങൾ വരുമ്പോൾ പ്രയാസങ്ങൾ വരുമ്പോൾ, ദുഃഖങ്ങൾ വരുമ്പോൾ ദൈവത്തോട് മറുതലിക്കുന്നു, പിറുപിറു ക്കുന്നു. ഇവിടെ മിക്കപ്പോഴും നമ്മളാണ് കർത്താവിനോട് ഈ യാത്രയിൽ ആലോചന പറഞ്ഞു കൊടുക്കാറുള്ളത്. മരുഭൂയാത്രക്കാര ദൈവമാണ് നിങ്ങളെ വിളിച്ചതെങ്കിൽ, അവന്റെ രാജ്യത്തിനു വേണ്ടിയാണ് നിങ്ങളെ വിളിച്ചതെങ്കിൽ നടത്താൻ അവൻ ശക്തൻ, നിർത്താൻ അവൻ മതിയായവൻ
1 കൊരിന്ത്യർ10:15 സഹോദരന്മാരേ, നമ്മുടെ പിതാക്കന്മാർ എല്ലാവരും മേഘത്തിൻ കീഴിൽ ആയിരുന്നു ; എല്ലാവരും സമുദ്രത്തൂടെ കടന്നു എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റു മോശെയോടു ചേർന്നു. എല്ലാവരും ഒരേ ആത്മികാഹാരം തിന്നു. എല്ലാവരും ഒരേ ആത്മീകപാനീയം കുടിച്ചുഅവരെ അനുഗമിച്ച ആത്മീകപാറയിൽനിന്നല്ലോ അവർ കുടിച്ചതു; ആ പാറ ക്രിസ്തു ആയിരുന്നു, എങ്കിലും അവരിൽ മിക്കപേരിലും ദൈവം പ്രസാദിച്ചില്ല, അവരെ മരുഭൂമിയിൽ തള്ളിയിട്ടുകളഞ്ഞു എന്നു നിങ്ങൾ അറിയാതിരിക്കരുതു എന്നു ഞാൻ ആഗ്രഹിക്കുന്നു. ഇത് നമുക്ക് ദൃഷ്ടാന്തമായി സംഭവിച്ചു.
ഈ വാക്യപ്രകാരം നമ്മൾ ഒന്ന് ചിന്തിച്ചാൽ നമ്മളും സ്നാനപ്പെട്ടു, മാനസാന്തരപ്പെട്ടു ഒരേ ആത്മീക ആഹാരം തിന്നു, ആത്മീയ പാനിയം കുടിച്ചു, നമ്മൾ അനുഗമിച്ച പാറയും ക്രിസ്തു ആണ്. എന്നാൽ മിക്ക പേരിലും ഇന്നും ദൈവം പ്രസാദിക്കുന്നില്ല ഒരു മജോറിടിയിൽ ദൈവം ഇന്നും പ്രസാദിക്കുന്നില്ല എന്നുള്ളതാണ് ഇവിടെ വളരെ വ്യക്തമാക്കുന്നത്, കാരണം വചനത്തിൽ തന്നെ ദൈവം പറയുന്നുണ്ട്.
എബ്രായർ 4:2 അവരെപ്പോലെ നാമും ഒരു സദ്വർത്തമാനം കേട്ടവർ ആകുന്നു; എങ്കിലും കേട്ടവരിൽ വിശ്വാസമായി പരിണമിക്കായ്ക കൊണ്ടു കേട്ട വചനം അവർക്കു ഉപകാരമായി വന്നില്ല. മരുഭൂയാത്രയിൽ വിളിച്ചിറക്കിയവരോട് ദൈവം സംസാരിച്ച വചനങ്ങൾ വിശ്വാസമായി പരിണമിച്ചില്ല. ചുരുക്കി പറഞ്ഞാൽ അവർ വചനം അനുസരിച്ചില്ല, വചന പ്രകാരം ജീവിച്ചില്ല ഇത് നമുക്ക് മുന്നിൽ ദൃഷ്ടാന്തം.

അതുകൊണ്ട് **മരുഭൂയാത്രക്കാരെ ദൈവം ചോദിക്കുന്നു നിങ്ങൾ ഇന്ന് എവിടെ?**

വചനം കേൾക്കുന്നുണ്ട് എന്നാൽ പ്രവർത്തിക്കുന്നില്ല എങ്കിൽ നീയും മരുഭൂമിയിൽ ഒരുപക്ഷേ തള്ളപ്പെട്ടു പോകാൻ സാധ്യത ഉണ്ട് അതുകൊണ്ട് മടങ്ങി വരിക ദൈവ വചന പ്രകാരം ജീവിക്കുക, കേട്ട വചനം വിശ്വാസമായി പരിണമിക്കട്ടെ അത് നിന്റെ ജീവിതത്തിൽ പ്രവൃത്തി ആയി മറ്റുള്ളവരുടെ മുമ്പിൽ വെളിപ്പെടട്ടെ.
മത്തായി 7:24 ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു, അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു.'

# സന്തോഷത്തിന്റെ താക്കോലാണ് പ്രാർത്ഥനാജീവിതവും ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധവും : ഫ്രാൻസിസ് പാപ്പാ

വത്തിക്കാൻ സിറ്റി : പ്രാർത്ഥനാജീവിതവും ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധവും വളർത്തുന്നതിലാണ് സന്തോഷത്തിന്റെ താക്കോൽ അടങ്ങിയിരിക്കുന്നതെന്ന് ഫ്രാൻസിസ് മാർപാപ്പ പ്രസ്താവിച്ചു. ശരിക്കും സന്തോഷമുള്ളവരാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ നാം എല്ലാ ദിവസവും ധാരാളമായി പ്രാർത്ഥിക്കേണ്ടതുണ്ട്. കാരണം പ്രാർത്ഥന നമ്മെ ദൈവവുമായി നേരിട്ട് ബന്ധപ്പെടുത്തുന്നു. പ്രാർത്ഥന നമ്മുടെ ഹൃദയങ്ങളെ പ്രകാശം കൊണ്ടും ഊഷ്മളത കൊണ്ടും നിറയ്ക്കുന്നു. എല്ലാ കാര്യങ്ങളും ആത്മവിശ്വാസത്തോടെയും മനസ്സമാധാനത്തോടെയും ചെയ്യാൻ അത് നമ്മെ പ്രാപ്തരാക്കുന്നു പാപ്പ പറഞ്ഞു. ആഗോള ബാലദിനത്തിനു മുന്നോടിയായി പുറപ്പെടുവിച്ച സന്ദേശത്തിലാണ് മാർപാപ്പയുടെ ഈ വാക്കുകൾ.

വരുന്ന മെയ് 25, 26 തീയതികളിൽ റോമിലാണ് ആദ്യത്തെ ആഗോള ബാലദിനം ആഘോഷിക്കുന്നത്. ആഗോള യുവജന ദിനത്തിന്റെ ചുവടുപിടിച്ചാണ് കഴിഞ്ഞ ഡിസംബർ മാസത്തിൽ ആഗോള ബാലദിനം മാർപാപ്പ പ്രഖ്യാപിച്ചത്. ഞാൻ എല്ലാം പുതുതാക്കുന്നു എന്ന വെളിപാട് വാക്യമാണ് ആദ്യത്തെ ബാലദിനത്തിന്റെ പ്രമേയമായി തിരഞ്ഞെടുത്തിരിക്കുന്നത്.

# ചർച്ച് മിലിട്ടന്റ് പ്രവർത്തനം നിർത്തുന്നു




ലണ്ടൻ : കത്തോലിക്ക സഭയ്ക്കെതിരായ വാർത്തകളിലൂടെ ലോകശ്രദ്ധയിൽ വന്ന ചർച്ച് മിലിറ്റന്റ് എന്ന വെബ്സൈറ്റ് അടുത്തമാസം പ്രവർത്തനം അവസാനിപ്പിക്കുന്നു. 5 ലക്ഷം ഡോളറിന്റെ ഒരു അപകീർത്തി കേസിൽ പ്രതികൂല വിധി വന്നതിനെ തുടർന്നാണ് ഇത്. 2019ൽ ഒരു പാശ്ചാത്യ രൂപതയുടെ വികാരി ജനറാളിനെതിരെ പ്രസിദ്ധീകരിച്ച ലേഖനം സംബന്ധിച്ചായിരുന്നു കേസ്. ലേഖനത്തിൽ പറഞ്ഞ കാര്യങ്ങൾക്ക് ആധാരമായ യാതൊരു തെളിവും വെബ്സൈറ്റിന് ഹാജരാക്കാനായില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. വെബ്സൈറ്റിന്റെ സ്ഥാപകൻ മൈക്കിൾ വോയിസ് സദാചാര സംബന്ധമായ ആരോപണങ്ങളെ തുടർന്നു നേരത്തെ രാജി വച്ചിരുന്നു. 2008ലാണ് വെബ്സൈറ്റ് പ്രവർത്തനമാരംഭിച്ചത്. കത്തോലിക്ക സഭയെ പ്രതിസ്ഥാനത്ത് നിർത്തുന്ന നിരവധി ലേഖനങ്ങൾ ഈ സൈറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു.

# ഫ്രാൻസിസ് പാപ്പയുടെ പതിവിന് മാറ്റമില്ല; ഇത്തവണത്തെ പെസഹ ശുശ്രൂഷ റോമിലെ വനിത ജയിലിൽ



റോം: വിശുദ്ധ കുർബാനയുടെ സ്ഥാപനത്തിന്റെ അനുസ്മരണം നടക്കുന്ന പെസഹ വ്യാഴാഴ്ചയിലെ പേപ്പൽ ബലി ഇത്തവണ നടക്കുക റോമിലെ റെബിബിയ ജയിലിൽ. പെസഹ വ്യാഴാഴ്ച ഫ്രാൻസിസ് പാപ്പ റെബിബിയ വനിതാ ജയിലിൽ വിശുദ്ധ കുർബാന അർപ്പിക്കുമെന്ന് വത്തിക്കാനാണ് അറിയിച്ചിരിക്കുന്നത്. മാർച്ച് 28 പെസഹ വ്യാഴാഴ്ച ഫ്രാൻസിസ് മാർപാപ്പ റോമിലെ വനിത ജയിലിൽ സ്വകാര്യ സന്ദർശനം നടത്തുമെന്നും അവിടെ വൈകുന്നേരം 4 മണിക്ക് വിശുദ്ധ കുർബാനയ്ക്ക് നേതൃത്വം നൽകുമെന്നും വത്തിക്കാൻ അറിയിച്ചു. ഈ വർഷത്തെ പെസഹ വ്യാഴാഴ്ച ശുശ്രൂഷ സ്വകാര്യ സ്വഭാവമുള്ളതായിരിക്കുമെന്നും പൊതുജനങ്ങൾക്കു പ്രവേശനം ഉണ്ടായിരിക്കില്ലെന്നും വത്തിക്കാൻ വ്യക്തമാക്കിയിട്ടുണ്ട്.

വിശുദ്ധ കുർബാനയ്ക്കിടെ, വിനയത്തിന്റെ മഹനീയ മാതൃക ലോകത്തിന് കാണിച്ചു നൽകി യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതിനെ അനുസ്മരിച്ച് പാദങ്ങൾ കഴുകുന്ന ശുശ്രൂഷ പാപ്പ ഇത്തവണയും നടത്തുമെന്ന് തന്നെയാണ് സൂചന. അതേസമയം കാൽമുട്ടിനുള്ള ബുദ്ധിമുട്ട് ഉൾപ്പെടെ വിവിധങ്ങളായ ശാരീരിക പ്രശ്നങ്ങൾ പാപ്പ നേരിടുന്നതു വെല്ലുവിളിയാണ്. 9 വർഷങ്ങൾക്ക് മുൻപ് 2015ലെ പെസഹ വ്യാഴാഴ്ച റെബിബിയ ജയിലിൽ പാപ്പ വിശുദ്ധ കുർബാന അർപ്പിച്ചു കാൽ കഴുകൽ ശുശ്രൂഷ നടത്തിയിരിന്നു. അന്നു പാപ്പ കാൽ കഴുകിയവരിൽ സ്ത്രീകളും പുരുഷന്മാരും ഒരു കുട്ടിയും ഉൾപ്പെട്ടിരിന്നു.

മെത്രാനായിരുന്ന കാലം മുതൽക്കേ ജയിൽ അന്തേവാസികൾക്കൊപ്പം പെസഹാ ദിനാചരണം നടത്തുന്നത് ഫ്രാൻസിസ് പാപ്പയുടെ പതിവാണ്. പാപ്പയായതിന് ശേഷവും ഈ പതിവിൽ മാറ്റമൊന്നും വന്നിട്ടില്ല. 2013ൽ പത്രോസിന്റെ സിംഹാസനത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട് 15 ദിവസങ്ങൾക്ക് ശേഷം മാർപാപ്പയെന്ന നിലയിൽ ഫ്രാൻസിസ് പാപ്പ ആദ്യമായി പെസഹാദിന ശുശ്രൂഷ നടത്തിയതു വത്തിക്കാൻ സിറ്റിയിൽ നിന്നും 11 മൈൽ അകലെയുള്ള കാസൽ ഡെൽ മാർമോ ജുവനൈൽ ജയിലിലായിരിന്നു.

കഴിഞ്ഞ വർഷം പെസഹാ വ്യാഴാഴ്ച ഫ്രാൻസിസ് മാർപാപ്പ വിശുദ്ധ കുർബാന അർപ്പിച്ച് അന്തേവാസികളായ 12 യുവ തടവുകാരുടെ പാദങ്ങൾ കഴുകിയത് ഇതേ ജയിലിലായിരിന്നു. ശാരീരിക ബുദ്ധിമുട്ടുകളെ തുടർന്നു ഒരു വീൽചെയറിലാണ് പാപ്പയെ ജയിലിനുള്ളിലെ ചാപ്പലിലേക്ക് കഴിഞ്ഞ തവണ കൊണ്ടുവന്നത്. കാലിന് വിവിധങ്ങളായ ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ തടവുപുള്ളികളുടെ പാദങ്ങൾ മുട്ടുകുത്താതെ തന്നെ കഴുകാനുള്ള സജ്ജീകരണങ്ങൾ പാപ്പയ്ക്കുവേണ്ടി ഒരുക്കിയിരുന്നു. 10 യുവാക്കളുടെയും, രണ്ട് യുവതികളുടെയും പാദങ്ങളാണ് ഫ്രാൻസിസ് പാപ്പ കഴിഞ്ഞ വർഷം കഴുകിയത്.

# നാഷണൽ ഫോറം സ്ത്രീ ശാക്തീകരണ സമ്മേളനം നടത്തി




തിരുവല്ല: സ്ത്രീയുടെ സാമ്പത്തിക സ്വാതന്ത്ര്യം ചരിത്രത്തെ മാറ്റിയെന്നും സ്ത്രീകളുടെ മാനസിക അടിമത്തം മാറിയത് സാമൂഹിക നവോത്ഥാനത്തിനു കാരണമായെന്നും തിരുവല്ല സെന്റ് തോമസ് ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൽ മറിയം തോമസ് പ്രസ്താവിച്ചു. നാഷണൽ ഫോറം ഫോർ പീപ്പിൾസ് റൈറ്റ്സ് പത്തനംതിട്ട ജില്ല വനിതാ വിഭാഗം കമ്മറ്റിയുടെ നേതൃത്വത്തിൽ നടത്തിയ സ്ത്രീ ശാക്തീകരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മറിയം തോമസ്. വനിതാവിഭാഗം ജില്ലാ കോർഡിനേറ്റർ സുലേഖാ സുരേഷ് അധ്യക്ഷത വഹിച്ചു. ഷൈനി എം. ആർ, വിദ്യ ഷെഫീക്ക്, ഉഷാദേവി, ഷീല എബ്രഹാം, മോളി പ്രേം രാജ്, സുധാകുമാരി എന്നിവർ പ്രസംഗിച്ചു.



# മൂന്നിലൊന്ന് രാജ്യങ്ങളിൽ മതസ്വാതന്ത്ര്യം ലംഘിക്കപ്പെടുന്നു: മോൺ. എത്തൊരെ ബാലസ്തേരോ

വത്തിക്കാൻ : ലോകത്തെ മൂന്നിലൊന്ന് രാജ്യങ്ങളിലും മതസ്വാതന്ത്ര്യം ലംഘിക്കപ്പെടുന്നു എന്നും ഇത് ഏകദേശം 49 കോടി ജനങ്ങളെ ബാധിക്കുന്നു എന്നുമുള്ള കത്തോലിക്ക സഭയുടെ ആശങ്ക വത്തിക്കാൻ പ്രതിനിധി മോൺ. എത്തൊരെ ബാലസ്തേരോ ഐക്യരാഷ്ട്രസഭയിൽ അറിയിച്ചു. ജനീവയിൽ മനുഷ്യാവകാശ കൗൺസിലിന്റെ യോഗത്തിൽ പങ്കെടുത്തു സംസാരിക്കവേ ആണ് ഇക്കാര്യം വിശദീകരിച്ചത്. ചില പാശ്ചാത്യ രാജ്യങ്ങളിൽ സഹിഷ്ണുതയുടെയും ഉൾപ്പെടുത്തലിന്റെയും മറവിലാണ് വിവേചനവും മതപരമായ നിയന്ത്രണവും അരങ്ങേറുന്നതെന്ന് അദ്ദേഹം സൂചിപ്പിച്ചു. വിദ്വേഷഭാഷണത്തെ ചെറുക്കാൻ ലക്ഷ്യമിട്ട് നിർമ്മിച്ചിട്ടുള്ള നിയമങ്ങൾ പലപ്പോഴും ചിന്താസ്വാതന്ത്ര്യത്തിനുള്ള അവകാശത്തെയും മനസാക്ഷിയെയും ചോദ്യം ചെയ്യാനും അങ്ങനെ നിയന്ത്രണങ്ങളിലേക്കു നയിക്കാനും ഇടയാക്കുന്നുണ്ട്. മനുഷ്യവ്യക്തിയുടെ അന്തസ്സ് ആണ് സമാധാനത്തിന്റെയും മനുഷ്യാവകാശങ്ങളുടെയും നീതിയുടെയും സ്വാതന്ത്ര്യത്തിന്റെയും അടിസ്ഥാനം. അത് മറക്കരുത്. നിർമ്മിത ബുദ്ധി മനുഷ്യത്വവുമായുള്ള മത്സരത്തിനല്ല, സേവനത്തിനാണ് വിനിയോഗിക്കേണ്ടത്. ഇതാണ് നിർമ്മിതബുദ്ധി മേഖലയുടെ മാർഗനിർദേശകത്വമായി മാറേണ്ടത് വത്തിക്കാൻ പ്രതിനിധി മോൺ. എത്തൊരെ ബാലസ്തേരോ വിശദീകരിച്ചു.

# കാനഡ ഹാർവെസ്റ്റ് സിറ്റി സഭയിൽ ബൈബിൾ ക്ലാസുകൾ

വിൻഡ്സർ: കാനഡയിലെ വിൻഡ്സർ ഹാർവസ്റ്റ് സിറ്റി സഭയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന വേദപഠന ക്ലാസുകൾക്ക് തുടക്കമായി. മാർച്ച് 6 ന് ആരംഭിച്ച ക്ലാസുകൾ മാർച്ച് 13, 20, 27 തിയതികളിൽ ഓൺലൈനിൽ നടക്കും. ചർച്ച് & മിഷൻ എന്ന വിഷയത്തെക്കുറിച്ച് പാസ്റ്റർമാരായ വി.പി. ഫിലിപ്പ്, സജി മത്തായി, കെ.വി.ജോസ്, ജോർജ് പി. ചാക്കോ (ന്യൂയോർക്ക്) എന്നിവർ ക്ലാസുകൾ നയിക്കും. പാസ്റ്റർമാരായ ഷിനു തോമസ്, അബിൻ അലക്സ് എന്നിവർ നേതൃത്വം നല്കും.

# ഓൺലൈൻ ഫാമിലി കോൺഫറൻസ്

സലാഹ്: ക്രൈസ്തവ എഴുത്തുപുര സലാഹ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ ഫാമിലി കോൺഫറൻസ് തിങ്കളാഴ് രാത്രി എട്ടിന് നടക്കും. പാ.ഷാജി എം പോൾ മുഖ്യപ്രഭാഷണം നടത്തും. ബ്ര.എബി ജോൺ & ടീമിന്റെ നേതൃത്വത്തിൽ ആരാധന നടക്കും.

## നിത്യതയിൽ



**പാസ്റ്റർ വി ഒ ചെറിയാൻ**

അജ്മാൻ: അസംബ്ലി ഓഫ് ഗോഡ് ചർച്ചിന്റെ സീനിയർ ശുശ്രൂഷകനും അജ്മാൻ അസംബ്ലി ഓഫ് ഗോഡ് ചർച്ചിന്റെ സ്ഥാപകനും സീനിയർ ശുശ്രൂഷകനുമായ പാസ്റ്റർ വി.ഒ. ചെറിയാൻ(73) നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം പിന്നീട് കേരളത്തിൽ നടക്കും. ദീർഘ വർഷങ്ങളായി ബഹറിനിലും യുഎഇയിലുമായി ശുശ്രൂഷ നിർവഹിച്ചിട്ടുണ്ട്. ഭാര്യ : ലീലാമ്മ ചെറിയാൻ, മകൻ: പാസ്റ്റർ ബ്ലെസ്സൻ ചെറിയാൻ, മരുമകൾ: നീനാ ചെറിയാൻ.



ഡാളസ് : ചെങ്ങന്നൂർ ഇടയാറന്മുള പുതുപ്പള്ളിൽ വീട്ടിൽ പാ.പി എം മാത്യുവിന്റെയും സൂസമ്മയുടെയും മകൻ മാത്യു പി. മാത്യൂസ് നിത്യതയിൽ പ്രവേശിച്ചു. കുടുംബവുമൊത്ത് ഡാളസിൽ സ്ഥിരതാമസം ആക്കിയിരുന്ന ഇദ്ദേഹം റെസ്റ്ററേഷൻ ചർച്ച് ഓഫ് നോർത്ത് സെൻട്രൽ ടെക്സാസ് അംഗവും സഭയുടെ ഫെല്ലോഷിപ് വിഭാഗം ഡീക്കനും ആയി സേവനം ചെയ്തു വരികയായിരുന്നു. പിതാവ് ഇന്ത്യ പെന്തകൊസ്തു ദൈവസഭയിലെ ചെങ്ങന്നൂർ സെന്ററിലെ ശുശ്രൂഷകൻ ആണ്.ഹൃദയാഘാതമാണ് മരണകാരണം. സംസ്കാരം പിന്നീട് കേരളത്തിൽ നടക്കും.

# റവ. ടോമി ജോസഫിന്റെ മാതാവ് അമേരിക്കയിൽ നിര്യാതയായി



ഒഹായോ: കൊളംബസ് പെന്തകോസ്റ്റൽ അസംബ്ലി ഒഹായോ സീനിയർ ശുശ്രൂഷകനും കൺവെൻഷൻ പ്രഭാഷകനുമായ റവ. ടോമി ജോസഫിന്റെ മാതാവ് പാലക്കുഴയിൽ അന്നക്കുട്ടി (93) അമേരിക്കയിലെ ഒഹായോയിൽ നിര്യാതയായി. മുട്ടുചിറ പറമ്പിൽ കുടുംബാംഗമാണ്. മക്കൾ :ബേബിച്ചൻ,വക്കച്ചൻ,ചിന്നമ്മ,ഫിലോമിന ലൈസാമ്മ, ടോമി, സെലിന്നാമ്മ (എല്ലാവരും യു.എസ്). തങ്കമ്മ (യുകെ), പരേതനായ ജോസ്. മരുമക്കൾ : ഫിലോമിന പന്തലാലിൽ(മൂഴൂർ), കത്രിക്കുട്ടി തേവർക്കുന്ന് (രാമപുരം), തങ്കച്ചൻ ഉറുമ്പിൽ( എരുമേലി), റജി തുണ്ടത്തിൽ (കീരുകുഴി), പരേതനായ സണ്ണി ചേന്നാട്ട് (മാന്തുരുത്തി), സാബു ചേന്നോത്ത് (കൊക്കമംഗലം), സിനി പുത്തൻപുരയ്ക്കൽ( വെച്ചൂച്ചിറ), നോബിൾ മടുക്കക്കുഴി (കാഞ്ഞിരപ്പള്ളി). സംസ്കാരം റവ. പി. സി. മാമന്റെ നേതൃത്വത്തിൽ ശനിയാഴ്ച ഓഹായോയിൽ

# മാട്രിമോണിയൽ

യുകെയിലുള്ള പെന്തക്കോസ്ത് യുവതി (26, ബി എസ് സി നേഴ്സ്, 157 cm) ക്ക് ആത്മിയരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: +91 96564 04296, +44 7867 038800






തയ്യാറാക്കിയത്:
സിസ്റ്റർ രേഖ സജിമോൻ

## ഇന്നത്തെ ചോദ്യങ്ങൾ

വായന ഭാഗം: യെശയ്യാവ് 10 - 12

1) കോപത്തിന്റെ കോലന്ത്?
2) മുള പൊട്ടിപ്പുറപ്പെടുന്നത്  എവിടെ നിന്ന്?
3) അണലിയുടെ പൊത്തിൽ കൈയിടുന്നതാര്?
4) കൊള്ളയായി തീരുന്നതാര്?
5) കർത്താവു സന്ദർശിക്കുന്നതാരെ?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1) ഉസിയാവു (യെശ. 7:1)
2) സെഖര്യവു (യെശ.8:2)
3) നാഫ്താലി (യെശ.9:1)
4) ദേശം (യെശ. 9:19)
5) ധൈര്യം (യെശ.7:5)






CHRISTIAN LIVE DAILY
08 MARCH 2024
VOL 03
ISSUE 067 | 766
ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220

